# ഏഴോം ഹിന്ദു എൽ പി സ്കൂൾ

## അക്കാദമിക്ക മാസ്റ്റർ പ്ലാൻ

## 2025-26



# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 2025–26 അധ്യയന വർഷത്തിൽ സമഗ്ര - ഗുണമേന്മ പദ്ധതി നടപ്പിലാക്കുകയാണ്. ഭിന്നശേഷി കുട്ടികൾ, SC, ST കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പഠന പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠന പരിപോഷണ പരിപാടികളും ഇതിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- വിവിധ ഭാഷാ വ്യവഹാരരൂപങ്ങളിലൂടെ ഭാഷാശേഷി വികസിപ്പിക്കൽ
- കുട്ടികളിലെ വായനാശീലം വളർത്തുക.
- വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.
- ക്ലാസ്, സ്കൂൾ ലൈബ്രറി ശക്തിപ്പെടുത്തൽ.
- എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടൽ.
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ.
- ഗണിതത്തിലെ അടിസ്ഥാനശേഷികൾ വികസിപ്പിക്കൽ.
- ഗണിതലാബ്, ഗണിതകിറ്റുകൾ പരിചയപ്പെടൽ.
- ഗണിതാശയങ്ങൾ ഗണിതപ്പതിപ്പിലൂടെ പ്രകടിപ്പിക്കൽ.
- ഇംഗ്ലീഷ് ഭാഷയിൽ അടിസ്ഥാനപരമായ ശേഷി വികസിപ്പിക്കൽ.
- ഇംഗ്ലീഷിലൂടെയുള്ള ആശയവിനിമയം പരിപോഷിപ്പിക്കൽ.
- ഇംഗ്ലീഷ് രചനകൾ വായിക്കാനുള്ള അവസരം ഒരുക്കൽ.
- ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്താൻ.

- പരിസ്ഥിതി സംരക്ഷണാബോധം വളർത്താൻ.
- ജൈവകൃഷി രീതി പരിചയപ്പെടുത്താൻ.
- ശുചിത്വശീലങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ
- പോഷക സമ്പൂർണ്ണമായ ആഹാരത്തിന്റെ ഉപയോഗത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിന്.
- പരിസ്ഥിതി സംരക്ഷണത്തിൽ മറ്റ് ജീവജാലങ്ങളുടെ പങ്കും പ്രാധാന്യവും തിരിച്ചറിയുന്നതിന്
- സഹജീവികളോടുള്ള സ്നേഹം വളർത്തുന്നതിന്.
- വ്യക്തിത്വ വികാസം വളർത്തുന്നതിന്.
- ആത്മവിശ്വാസവും നേതൃപാടവവും വളർത്തുന്നതിന്.
- കായികക്ഷമത വികസിപ്പിക്കുന്നതിന്
- ആധുനിക വിവരസാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിന്.
- സുരക്ഷിതവും വൃത്തിയുള്ളതുമായ ആഹാരവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്.
- സംഘബോധവും സഹകരണ മനോഭാവവും വളർത്തുന്നതിന്.
- കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തുന്നതിന്.

| SL No. | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | തുക. |
| --- | --- | --- | --- | --- | --- | --- |
| 1. | അക്ഷരദീപം<br>-ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ. | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ചേർക്കൽ<br>അക്ഷരകാർഡ് നൽകൽ<br>പദച്ചാർട്ട്<br>പദനിർമാണം<br>വാക്യനിർമാണം<br>അടിക്കുറിപ്പ് തയ്യാറാക്കൽ<br>കഥ എഴുതൽ<br>കഥാപൂരണം.<br>ICT- വാക്യങ്ങൾ, കഥാനിർമാണം.<br>പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 2 മാസം | പുസ്തകങ്ങൾ.<br>CD<br>ചിത്രങ്ങൾ | SRG<br>BRC<br>PTA<br>SSK. | |

| | | | | | | |
|---|---|---|---|---|---|---|
| 2. | സർഗോത്സവം.<br>ഭാഷാശേഷി വികാസം. | വായനാകാർഡ് നിർമാണം<br>വായനകാർഡ് വായന.<br>ചോദ്യനിർമാണം.<br>പ്രശ്നോത്തരി<br>കഥാപൂരണം,<br>കവിതാപൂരണം,<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ,<br>ചിത്രീകരണം,<br>ലഘുനാടകം,<br>– രചന, അവതരണം.<br>പതിപ്പ് നിർമാണം.<br>ഇൻലന്റ് മാഗസിൻ നിർമാണം,<br>കാവ്യകേളി, പദവങ്ങൾ,<br>ഭാഷാപയറ്റ്, വാർഷിക പത്രം തയ്യാറാക്കൽ. | 1 വർഷം | പുസ്തകങ്ങൾ<br>വായനാകാർഡ്<br>ചിത്രങ്ങൾ<br>C.D. | SRG<br>PTA. | |

| | | | | | | |
|---|---|---|---|---|---|---|
| 3. | പുസ്തക ച്ചങ്ങാതി.<br><br>വായനാശീലം വളർത്തുക. | ഗൃഹ സന്ദർശനം.<br>പുസ്തക ശേഖരണം.<br>ക്ലാസടിസ്ഥാനത്തിൽ ക്രമീകരിക്കൽ.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>പുസ്തക വിതരണം.<br>പുസ്തക ചർച്ച.<br>വായനാനുഭവം പങ്കുവയ്ക്കൽ.<br>വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>സാഹിത്യകാരന്മാരുമായി അഭിമുഖം.<br>ഗ്രന്ഥശാല അംഗത്വം<br>പുസ്തകമേള<br>അമ്മ വായന<br>ബാലമാസിക ലഭ്യമാക്കൽ<br>ഇ-വായന. | 1 വർഷം | പുസ്തകങ്ങൾ<br>പത്രങ്ങൾ<br>ബാലപ്രസിദ്ധീ-കരണം.<br>കമ്പ്യൂട്ടർ<br>ഇന്റർനെറ്റ്<br>സ്കൂൾ ഗ്രന്ഥശാല | PTA<br>SSK<br>BRC<br>SCERT<br>പൂർവ-വിദ്യാർത്ഥി-സംഘടന<br>S.S.G. | |

| Sl. No. | Programme. | Activity | Physical support | Duration | Support. | Amount. |
|---|---|---|---|---|---|---|
| 4. | <u>Blooming English</u><br><br>Improvement of LSRW skills. | Picture reading<br>Jigsaw puzzles<br>Jumpled letters and words<br>Interaction<br>Simple comments<br>Reading cards.<br>Story telling.<br>Description<br>Skit.<br>English fest.<br>Interviews.<br>Self introduction<br>Bio-data making by using ICT<br>English assembly. | Pictures<br>Puzzles<br>Books<br>CD<br>reading cards<br>News paper<br>Computer<br>Resource person. | 1 year | SRG<br>PTA<br>BRC<br>DIET | |

| | | | | | | |
|---|---|---|---|---|---|---|
| 5. | <u>ഗണിതം ലളിതം</u><br>അടിസ്ഥാനശേഷി വികാസം, പ്രശ്ന പരിഹാരം. | പ്രീ ടെസ്റ്റ്<br>സംഖ്യാകാർഡ് നിർമാണം.<br>അബാക്കസ് നിർമാണം.<br>ഗണിതലാബ് ഒരുക്കൽ.<br>ഗണിതക്കളികൾ തയ്യാറാക്കൽ - അവതരണം.<br>പഠനോപകരണ നിർമാണം.<br>ജ്യാമിതീയരൂപം പതിക്കൽ.<br>പ്രായോഗിക പ്രശ്നങ്ങളുടെ രൂപീകരണം.<br>ചോദ്യനിർമാണം.<br>ഗണിതപ്പാട്ടുകൾ<br>ഗണിതമാസിക<br>പട്ടിക രൂപീകരിക്കൽ (സങ്കലന, വ്യവകലന)<br>ഗണിത പതിപ്പുകൾ.<br>ടാൻഗ്രാം<br>ഗണിതക്ലബ്ബ്. | 1 വർഷം. | കാർഡ്<br>പുസ്തകം<br>ഗണിതകിറ്റ്<br>C.D<br>കമ്പ്യൂട്ടർ | SRG<br>SSG<br>DIET<br>PTA. | |

| | | | | | |
|---|---|---|---|---|---|
| 6. | അറിഞ്ഞും അറിയാതെയും<br><br>ശാസ്ത്രാഭിരുചി വളർത്തൽ. | ഫീൽഡ് ട്രിപ്പ്.<br>ലഘുപരീക്ഷണങ്ങൾ.<br>പരീക്ഷണക്കുറിപ്പുകൾ<br>ശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടൽ<br><br>ശാസ്ത്രജ്ഞൻമാരുടെ ചിത്രം ശേഖരിക്കൽ<br><br>ശാസ്ത്രമൂല ഒരുക്കൽ<br>ശാസ്ത്രപതിപ്പുകൾ നിർമിക്കൽ<br>ക്ലബ്ബ് പ്രവർത്തനം.<br>അഭിമുഖങ്ങൾ<br>ശാസ്ത്രപ്രദർശനം.<br>വാനനിരീക്ഷണം<br>പഠനോപകരണ നിർമ്മാണം | 1 വർഷം | ശാസ്ത്രകിറ്റ്<br>ചിത്രങ്ങൾ<br>CD<br>കമ്പ്യൂട്ടർ<br>പുസ്തകങ്ങൾ | SRG<br>PTA<br>SSK<br>SCERT. |

| | | | | | | |
|---|---|---|---|---|---|---|
| 7. | അസംബ്ലി.<br>സ്കൂൾ അസംബ്ലി മെച്ചപ്പെടുത്തൽ. | ചുമതല കുട്ടികൾക്ക്<br>പത്രവായന<br>പുസ്തക പരിചയം.<br>ന്യൂസ് റീഡിൽ<br>ജി.കെ. അവതരണം.<br>ഇംഗ്ലീഷ് അസംബ്ലി<br>സ്പീച്ച്. | 1 വർഷം. | പത്രം<br>പുസ്തകം | SRG. | |
| 8. | ആരോഗ്യംസമ്പത്ത്.<br>കുട്ടികളെ ആരോഗ്യവാൻമാരായ പൗരന്മാരെ വാർത്തെടുക്കൽ. | ആരോഗ്യ സർവെ<br>ആരോഗ്യ ക്ലാസ്<br>ആരോഗ്യചാർട്ട് പ്രദർശനം.<br>ജൈവപച്ചക്കറികൃഷി<br>പോഷകാഹാരവിതരണം.<br>മെഡിക്കൽ ക്യാമ്പ്<br>മാലിന്യപ്ലാന്റ് നിർമാണം.<br>ഡ്രൈഡേ ആചരിക്കൽ.<br>പ്ലാസ്റ്റിക്രഹിത വിദ്യാലയം.<br>ശുദ്ധജലലഭ്യത ഉറപ്പാക്കൽ<br>പൈപ്പ് കമ്പോസ്റ്റ് നിർമാണം. | 1 വർഷം. | മെഡിക്കൽ ഓഫീസർ<br>ചാർട്ട്<br>വിത്ത്,<br>വളം<br>ആരോഗ്യ-<br>പ്രവർത്തകർ<br>പൈപ്പ് | PTA<br>SRG<br>പഞ്ചായത്ത്. | |

| | | | | | |
|---|---|---|---|---|---|
| 9. | ബാലസഭ<br>കുട്ടികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന്. | ബാലസഭ രൂപീകരണം.<br>ചുമതല വിഭജനം.<br>ബാലസഭ ചേരൽ<br>സർഗാത്മ പ്രകടനം.<br>സാഹിത്യകാരന്മാരുമായി അഭിമുഖം.<br>കഥാലോകം.<br>കാവ്യക്കൂട്ടം<br>ബാലലോകം.<br>കലാ പരിശീലനങ്ങളി | 1വർഷം | പുസ്തകങ്ങൾ പരിശീലകർ | PTA<br>SRG. |
| 10. | S.R.G ശാക്തീകരണം. | SR.G പരിശീലനം.<br>മാതൃകാ SRG പരിചയപ്പെടൽ<br>SRG തീയതി നിശ്ചയിക്കൽ<br>കലണ്ടർ തയ്യാറാക്കൽ | 1മാസം | മാതൃകാ SR.G<br>Resource person | SRG<br>BRC. |

| | | | | | |
|---|---|---|---|---|---|
| 11. | ഇ - ക്ലാസ്റൂം.<br>ഡിജിറ്റലൈസ്ഡ് സംവിധാനത്തിലൂടെ ക്ലാസ്റൂം പ്രവർത്തനം എളുപ്പമാക്കൽ. | ആലോചനയോഗം.<br>ക്ലാസ് റൂം ഒരുക്കൽ<br>ഉപകരണങ്ങൾ സജ്ജമാക്കൽ<br>പരിശീലനം<br>മോണിറ്ററിംഗ്. | 1 വർഷം. | കമ്പ്യൂട്ടർ<br>CD<br>ഇന്റർനെറ്റ് | MLA<br>SSK<br>PTA<br>പഞ്ചായത്ത് |
| 12. | ശലഭോദ്യാനം<br>പ്രകൃതിയിലെ ജീവജാലങ്ങളോട് ഇണങ്ങിച്ചേരാനുള്ള സാഹചര്യം ഒരുക്കൽ | ആലോചനായോഗം.<br>സ്ഥലം നിർണയിക്കൽ<br>സ്ഥലം ഒരുക്കൽ<br>വിത്ത്, ചെടി ശേഖരണം<br>ചെടി നടൽ, പരിചരണം.<br>ജീവികളെ പട്ടികപ്പെടുത്തൽ<br>ഫോട്ടോ പ്രദർശനം<br>ആൽബം നിർമാണം.<br>ഉദ്യാന സന്ദർശനം. | 6 മാസം | വിത്ത്<br>വളം<br>ചെടി<br>ചെടിച്ചട്ടി<br>ഉപകരണങ്ങൾ | SRG<br>PTA |

| | | | | | |
|---|---|---|---|---|---|
| 13. | പാചകപ്പുര നിർമ്മാണം, ശുചിത്വമുള്ളതും പോഷകസമൃദ്ധവുമായ ആഹാരം കുട്ടികളിൽ എത്തിക്കൽ. | PTA യോഗം. കമ്മിറ്റി രൂപീകരണം. സാമഗ്രികൾ ശേഖരിക്കൽ കെട്ടിട നിർമ്മാണം. | 3 മാസം | നിർമ്മാണ വസ്തുക്കൾ | PTA മാനേജർ. |
| 14. | ജൈവപച്ചക്കറി തോട്ടം | PTA, SRG യോഗം ചേരൽ സ്ഥലം ഒരുക്കൽ വിത്ത് ശേഖരിക്കൽ വിത്ത് നടൽ പരിചരണം. | 1 വർഷം | വിത്ത്, വളം | SRG PTA കുട്ടികൾ. |